# GHSS CHERKALA CENTRAL
# DIGITAL MAGAZINE




# E-GATE

**PREPARED BY**

**LITTLE KITES IT CLUB**

**GHSSCC**

## എഡിറ്റോറിയൽ:-

**മുഹമ്മദ് അൽത്താഫ് സി എച്ച്**

**ഫാത്തിമത്ത് ലുബ്ന നസ്റീൻ**

**ഫാത്തിമത്ത് ഷഹദാന**

**നിഷാദ് വി ആർ**

**TO KNOW OUR SCHOOL**

***SCAN QR CODE***

# മുഖമൊഴി.........

ഇത് ഒരു എഴുത്തിടമാണ്..................

പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയരുകയാണല്ലോ . ക്ളാസ്സ്റൂം പ്രവർത്തനങ്ങൾ വിവരസാങ്കേതിക വിദ്യയാലും സജീവമാകുന്നു . ഡിജിറ്റൽ യുഗത്തിലേക്ക് അനായാസം കടന്നുവരുന്ന പുതുതലമുറ ലിറ്റിൽ കൈറ്റിലൂടെ വളർന്നുവരികയാണ് . മലയാളം ടൈപ്പിങ്ങിലൂടെ പരിചയപ്പെട്ട കഴിവുകൾ സമർത്ഥമായി ഉപയോഗിച്ച് ഞങ്ങൾ സ്കൂളിലേക്ക് ഇ-മാഗസിൻ തയ്യാറാക്കിയിരിക്കുകയാണ് . **ഇ-ഗേറ്റ്** എന്നപേരിലുള്ള സർഗ്ഗ സാങ്കേതികത നിങ്ങൾക്കു മുന്നിൽ വായനയ്ക്കായി സമർപ്പിക്കുന്നു .

# സ്വപ്നലോകം

മിഥ്യയാം സ്വപ്നലോകത്തിന്നു ഞാനൊരു
പൂമ്പാറ്റയായ് പാറി നടന്നു
ആരോ കാണുന്നൊരു സ്വപ്നം
എന്നോ കാണുന്നൊരു സ്വപ്നം
ആ സ്വപ്നമിന്നെൻെറ ജീവിത
താളിലൊരു പൊൻലിപി പോലെ തിളങ്ങേ
ആ സ്വപ്നത്തിൻ പിന്നാലെ
ഇന്നു ഞാൻ പായുന്നു എന്തിനെന്നോ
ഏതിനെന്നോ അറിയാതെ
അവിടെ കണ്ടു ഞാൻ ദുഃഖത്തിൻ
ചുഴിയും സുഖത്തിൻ മഞ്ഞുമലയും ആസ്വപ്നമിന്നെൻ്റ
ജീവിതമായ് മാറിയിരിക്കുന്ന പോലെ
ഞാൻ കണ്ടൊരാ സ്വപ്നമെന്നോ മറഞ്ഞു പോയ്
ആരോ ഉറക്കത്തിൽ നിന്നെഴുന്നേറ്റതാവാം
എന്നാൽ ഇന്നു ഞാൻ സ്വപ്നലോകത്തല്ല,
നഗ്നമാം സത്യത്തിൻ മുൻപിലാണിന്നു ഞാൻ ...
കാണാൻ എളുപ്പമാം സ്വപ്നവും
താണ്ടാൻ കടുപ്പമാം ജീവിതവും
എത്രയോ എത്രയോ വ്യത്യസ്തമെ-
ന്നറിഞ്ഞ നാൾ കണ്ടു ഞാനൊരു
ജീവിതസ്വപ്നം.



ശരണ്യ
10 A

# ഭാവികാലം

ആയിരമാണ്ട മുൻപു ജനിച്ചെങ്കിലെന്ന
ഞാനോർത്തു പോയ്
മലകളും പുഴകളുമലങ്കാര പൂരിത
മായിരുന്ന അന്ന് ജന്മദേശം
അന്ന് രുചിക്കുവാൻ കാട്ടുതേനും, പിന്നെ




മായം കലർത്താത്ത വൈവിധ്യവും .
അമ്മയെന്ന രണ്ടക്ഷരത്തെ നമ്മൾ
അത്രമേൽ ആദരിച്ചിരുന്ന കാലം
മാറ്റം അധികാര മോഹത്തിലും
അഴിമതി ചങ്ങലകളിലും തളച്ച നിർ
ത്തിയിവിടെ
ഇന്നിവിടെയുള്ളത് ചതിയും വഞ്ചനയും
കൂട്ടിന്നായ് ഒരുപാട് കർമധർമ്മങ്ങളും
അമ്മയാണത്രയും ആർഭാടമെന്നറിയാതെ
ആർഭാടത്തിനായമ്മയെ -
വൃദ്ധസദനമിൽ ബഹിഷ്കരിച്ചീടുവാൻ
മക്കൾ തയ്യാറാകും കലികാലവും
ഇനിയും ഘനനം നടത്തി അമ്മയാം-
നാടിനെ ഇല്ലായ്മ ചെയ്യുകയാണിന്നുമിവിടെ
ഇനിയും വന്നീടുമോ -
കൊയ്ത്തുപാട്ടിൻ ഈണം ?
ഓരോ മലയാളി തന്നുടെ ചുണ്ടിലും.

ഷംനാസ്
10A

# മഴയത്ത് അലിഞ്ഞുപോയ സ്വപ്നങ്ങൾ

ജനലരികിൽ നിന്നുകൊണ്ട് അരവിന്ദൻ ആർത്തലച്ച് പെയ്യുന്ന മഴയെ നോക്കി . അയാളുടെ ഓർമ്മകൾ പുറകോട്ട് പോയി .” മോനേ..... മോനേ..... 'അമ്മ അരവിന്ദനെ തട്ടി വിളിക്കുന്നു.  "ഇന്നല്ലേ നിൻറ ഓട്ടമത്സരം, എഴുന്നേൽക്ക്,മണി ഏഴ് കഴിഞ്ഞു . "അമ്മ പറഞ്ഞു . അരവിന്ദൻ എഴുന്നേറ്റ് പ്രഭാത ക്രിയകൾ ചെയ്തു കഴിഞ്ഞ് ഭക്ഷണം കഴിക്കാൻ വേണ്ടി ഇരുന്നു . അമ്മ വിളമ്പികൊടുത്തു . "എത്ര മണിക്കാ നിൻറ ട്രെയിൻ ?"അമ്മ ചോദിച്ചു . 8.30 നാണമ്മേ ... അരവിന്ദൻ മറുപടി പറഞ്ഞു . ഭക്ഷണം കഴിച്ചു കഴിഞ്ഞ് വീട്ടിൽ നിന്ന് ഇറങ്ങാൻ നേരത്ത് ശക്തിയായ മഴ .” അമ്മേ , ഞാൻ ഇറങ്ങുവാണേ ,.. 8.30 നാണ് ട്രെയിൻ , ഇനിയും വൈകിയാൽ ട്രെയിൻ കിട്ടില്ല . "അരവിന്ദൻ പറഞ്ഞു .” മോനേ ട്രൈൻ  കേറാ നേരത്ത് അമ്മയെ വിളിക്കണോട്ടാ... "അമ്മ പറഞ്ഞു . അരവിന്ദൻ മൂളിക്കൊണ്ടിറങ്ങി . "മോനേ സൂക്ഷിക്കണേ , നല്ല മഴയാ "അമ്മ പറഞ്ഞു . അരവിന്ദൻ വീട്ടിൽ നിന്നിറങ്ങി . അവൻ ഒരു ഓട്ടോയിൽ കയറി .സമയം 8 കഴിഞ്ഞു .” ചേട്ടാ ഒന്നു വേഗം..8.30 നാ ട്രയിൻ .” അരവിന്ദൻ ഓട്ടോ ഡ്രൈവറോട് പറഞ്ഞു നിർത്തിയില്ല , അപ്പോഴേക്കൊരു ശബ്ദം.  പ്ഠക്ക് ....................

അരവിന്ദൻ കണ്ണുതുറന്നത് രണ്ടു ദിവസം കഴിഞ്ഞാണ് . കണ്ണു തുറക്കുമ്പോൾ അവൻ ആശുപത്രിയിലാണ് . അപ്പോഴേക്കും അവൻറ വലതുകാൽ നഷ്ടപ്പെട്ടിരുന്നു . അവൻറ അമ്മ സങ്കടത്തോടെ ചോദിച്ചു.” മോനേ..........എന്താ..ഉണ്ടായത് ?’ അരവിന്ദൻ മറുപടി നൽകിയില്ല . കുറച്ച് സമയം കഴിഞ്ഞ് അവൻ അമ്മയോട് ചോദിച്ചു  , ഓട്ടോ ഡ്രൈവർ എവിടെയാ  ?അമ്മ സങ്കടത്തോടെ പറഞ്ഞു . അയാൾ അപ്പോ തന്നെ പോയി മോനേ..........അരവിന്ദൻറ കണ്ണുകൾ ഈറനായി . കായികമത്സരത്തിൽ മികച്ച സ്ഥാനം നേടിയ അരവിന്ദന്  ഇനി നേരെ ചൊവ്വേ നടക്കാൻ പോലും പറ്റില്ല .

" മോനേ ..ദാ ചായ .... "അരവിന്ദൻ കണ്ണു തുടച്ചു കൊണ്ട് അമ്മയെ നോക്കി .” എന്താ   മോനേ  ..കരയുന്നത് ? "അമ്മ ചോദിച്ചു . "ഞാൻ ഒന്ന് എൻറ അലിഞ്ഞു പോയ സ്വപ്നത്തെ ഓർത്തു പോയമ്മേ ......"ആർത്തലച്ചു പെയ്യുന്ന മഴയിൽ തൻറ സ്വപ്നങ്ങൾ അലിഞ്ഞു തീരുന്നത്  അയാൾ നിസ്സഹായതയോടെ നോക്കി നിന്നു. ...

ആയിഷ ബുസൈന ബേവി

10 D

# പ്രേമാരി

അയാൾ കരയുകയാണ് . തൻറ ജീവിതമാണല്ലോ മെഴുകു തിരി പോലെ കത്തിത്തീരുന്നത് .അയാൾ അത് ഓർത്തുകൊണ്ടേയിരിക്കുമ്പോഴാണ് നല്ല ഇളം കാറ്റോടുകൂടി ഒരു കുളിർമഴ പൊഴിഞ്ഞത് . പക്ഷേ ആ മഴ പോലും അയാളെ കുളിരണിയിപ്പിക്കുകയോ സമാധാനിപ്പിക്കുകയോ ചെയ്തില്ല . കാരണം അയാള്ക്കറിയാം പെയ്യുണ ഓരോ തുള്ളിയിലും തൻറ ചിറകില്ലാ സ്വപ്നങ്ങൾ അലിഞ്ഞു തീരുകയാണെന്ന്.

ദാരിദ്ര്യത്തിൻറ അങ്ങേ പടിയിലെ ജീവിതമാണ് അയാളുടേത് . ഇരുകാലുകളും കൈയും തളർന്നു പോയി കിടക്കുകയാണ് അച്ഛൻ . അച്ഛൻെറ കാര്യം മാത്രം നോക്കി നിൽക്കുകയാണ് അമ്മ . അമ്മയ്ക്കും വാർദ്ധക്യത്തിൻെറ എല്ലാത്തരം ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു . പ്ളസ് ടു കഴിഞ്ഞ് നിൽക്കുകയായായിരുന്നു രാജേഷ് . പഠിത്തത്തിൽ വളരെ മിടുക്കനാണ് . എന്നാൽ പ്ളസ് ടു കഴിഞ്ഞ് രണ്ടു വർഷം ആയെങ്കിലും അവൻ തുടർ പഠനം ആരംഭിച്ചിരുന്നില്ല . കാരണം വിവാഹപ്രായം എത്തിയ ഒരു പെങ്ങളുണ്ടായിരുന്നു അവന് . വളരെ പ്രയാസപ്പെട്ടാണ് അവളെ വിവാഹം ചെയ്തയച്ചത് . എങ്കിലും അവൾ അവിടെ സന്തോഷത്തോടെ ജീവിക്കുന്നുണ്ടല്ലോ എന്നാലോചിക്കുമ്പോഴാണ് അവന് കുറച്ച് ആശ്വാസം തോന്നുന്നത് .

പ്ളസ് ടു വിന് സയൻസ് എടുത്ത അവൻെര ഏറ്റവും വലിയ മോഹമായിരുന്നു പുറം രാജ്യത്തു പോയി എം ബി ബി എസ് എടുക്കുക എന്നത് . വീട്ടിലെ പ്രാരാബ്ധം ആലോചിക്കുമ്പോൾ തൻെറ സ്വപ്നത്തിനു ചിറകില്ല എന്നവന് തോന്നി . എന്നാലും ഉള്ളിലെ ആഗ്രഹം അവൻ അമ്മയുമായി പങ്കു വച്ചു . അമ്മ അത് പെങ്ങളെ അറിയിച്ചു . പെങ്ങൾ അത് അവളുടെ ഭർത്താവിനോട് പറഞ്ഞ് കാനഡയിലെക്ക് ഒരു വിസ ശരിയാക്കി .

അങ്ങനെ അവൻെറ സ്വപ്നങ്ങൾക്ക് ചെറുതായ് ചിറക് വച്ചു എന്ന് അവന് തോന്നി . യാത്ര പോകുന്ന ദിവസം അവൻ അച്ഛനോടും അമ്മയോടും യാത്ര പറഞ്ഞു എയർപോർട്ടിലേക്കു നീങ്ങി . ഒട്ടും വിചാരിക്കാതെയാണ് ആ വാഹനാപകടം ഉണ്ടായത് . അവൻെറ ഒരു കാല് നഷ്ടപ്പെട്ടു . തലയ്ക്ക് കുറച്ച് പരിക്കുണ്ട് . എന്തായാലും ശരീരം മാത്രം തിരിച്ച് കിട്ടി . ഡോക്ടർ ആവണമെന്ന ലക്ഷ്യത്തിൻെറ ആ യാത്ര അവനെ പുറകോട്ട് വലിച്ച് വീട്ടിൽ തന്നെ എത്തിച്ചു . എന്നും പടിവാതിൽക്കൽ നിന്ന് അവൻ കരയും . അവൻെറ അപകടവാർത്ത അറിഞ്ഞ് ഹാർട്ട് അറ്റാക്ക് വന്ന് അവൻെറ അച്ഛനും മരിച്ചു . ആർത്തലച്ചു പെയ്യുന്ന മഴയിൽ തൻെറ സ്വപ്നങ്ങൾ അലിഞ്ഞു തീരുന്നത് അവൻ നിസ്സഹായതയോടെ കണ്ണീരിൽ കുതിർന്ന ഒറ്റക്കാലിനെ നോക്കി ഇരുന്നു....................

ആമിനത്ത് ഫംഷീദ 9D



# മൗനം

നിലച്ചൊരെൻ ഹൃദയതാളം
ഞാനുരുകുന്ന വെൺതരിയായ്
നിലച്ചൊരെൻ ബാല്യം ,
കഴുകന് കൊത്തിയെടുത്തൊരെൻ യൗവ്വനം
സീതയല്ല ഞാൻ ലക്ഷ്മിയല്ല ഞാൻ
ദുഃഖങ്ങളിനിയും സഹിപ്പത് കഷ്ടം
എരിയുന്ന സൂര്യനെ, ജ്വലിക്കുന്ന അഗ്നിയെ
എന്താണിനിയുമീ മൗനം ?
എടുത്തു കൊൾക എടുത്തുകൊൾക
വെന്തുരുകിമെൻെറയീ ആത്മാവിനെ
അലയടിച്ചുയരുമീ സാഗരവും
വറ്റുകൾ തേടുമീ ബലിക്കാക്കയും
നോവിൻെറ പാതയിൽ ഏകാകിയാണ് ഞാൻ
ഹര്ഷാരവത്തിൻ പതിൻമടങ്ങും
നൻമതൻ സാക്ഷിയേ, ത്രിലോകത്തിന്നധിപനേ
എന്താണിനിയുമീ മൗനം ?

ഗോപിക ഇ 8 A

# സുന്ദരമീ ബാല്യകാലം

എത്ര സുന്ദരമീ ബാല്യകാല-
മെൻ ഓർമയിലിപ്പൊഴും
വിളങ്ങി നിൽക്കയോ!
ഒരു ചിത്രശലഭം പോൽ
പാറിനടന്ന ഞാൻ മനോഹരമാം വിദ്യാധനം-
നേടിയൊരുത്തമ വ്യക്തിയായ് മാറി.
മിത്രങ്ങൾക്കൊപ്പം ആടിയും ,
പാടിയും ഞാനെൻ ബാല്യം
സുന്ദരമാം ഓർമ്മയാക്കി
ബാല്യമെന്ന കനവിൽ
ലയിച്ചുപോയി ഞാൻ
ഇനിയുമാബാല്യകാലത്തിലേക്കു
തിരികെ നടക്കുവാൻ ആശിച്ചു ഞാൻ
തിരക്കേറുമീ ജീവിതത്തിലൊരു-
മോദസ്മൃതിയായ് ബാല്യകാലം!
എൻ മനം വെമ്പുന്നു , ഞാൻ കൊതിക്കുന്നു
വീണ്ടുമൊരു ബാല്യകാലത്തിനായി-
സുന്ദരമാക്കുവാനായി !

ആയിഷത്ത് ഷൈമ 9E

# FUN WITH NUMBRERS

## FUN WITH 3

37*3 = 111
37 *6 =222
37 *9 =333
37 *12 =444
37 *15 =555
37 * 18 =666
37 * 21 =777
37 *24 =888
37 * 27=999





MOHAMMED SAHIR 9D

# FUN WITH 1




1*1=1
11 *11 =121
111 *111 =12321
1111 *1111 =1234321
11111 *11111 =123454321
111111 *111111 =12345654321
1111111 *1111111 =1234567654321
11111111 *11111111 =123456787654321
111111111 *111111111 =12345678987654321

AHMMMED SHAHSAD 10 D



# കുഞ്ഞുണ്ണിക്കവിതകൾ

ഉണ്ടാലുണ്ടപോലിരിക്കണം

ഉണ്ടപോലിരിക്കരുത്

...........................................

വായിച്ചാലും വളരും

വായിച്ചില്ലേലും വളരും

വായിച്ചാൽ വിളയും

വായിച്ചില്ലേൽ വിളയും

............................................

ജനിക്കും തൊട്ടെൻ മകനിംഗ്ളീഷു പഠിക്കണം

അതിനെൻ ഭാര്യതൻ പേറങ്ങിംഗ്ളണ്ടിലാക്കി ഞാൻ

.............................................................................


സത്യമേ ചൊല്ലാവൂ

ധർമ്മമേ ചെയ്യാവൂ

നല്ലതേ നൽകാവൂ

വേണ്ടതേ വാങ്ങാവൂ

...........................................................


DC BOOKS
വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും
കുഞ്ഞുണ്ണിമാഷ്

# PROFILE



## Kamala Suraiyya Das

Born
in Punnayurkulam, Malabar District, Madras Presidency, British India, India
March 31, 1934

Died
May 31, 2009

Website
http://en.wikipedia.org/wiki/Kamala_Surayya

Genre
Poetry, Short Story, Memoir

Kamala Suraiyya (born Kamala; 31 March 1934 – 31 May 2009), also known by her one-time pen name Madhavikutty and Kamala Das, was an Indian English poet and littérateur and at the same time a leading Malayalam author from Kerala, India. Her popularity in Kerala is based chiefly on her short stories and autobiography, while her oeuvre in English, written under the name Kamala Das, is noted for the poems and explicit autobiography.

Her open and honest treatment of female sexuality, free from any sense of guilt, infused her writing with power, but also marked her as an iconoclast in her generation. On 31 May 2009, aged 75, she died at a hospital in Pune. Das has earned considerable respect in recent years.




***Ghost Stories***

was an American pulp magazine that published 64 issues between 1926 and 1932. It was one of the earliest competitors to *Weird Tales*, the first magazine to specialize in the fantasy and occult fiction genre. It was a companion magazine to *True Story* and *True Detective Stories*, and focused almost entirely on stories about ghosts, many of which were written by staff writers but presented under pseudonyms as true confessions. These were often accompanied by faked photographs to make the stories appear more believable. *Ghost Stories* also ran original and reprinted contributions, including works by Robert E. Howard, Carl Jacobi, and Frank Belknap Long. Among the reprints were Agatha Christie's "The Last Seance" (under the title "The Woman Who Stole a Ghost"), several stories by H.G. Wells, and Charles Dickens' "The Signal-Man". The magazine was initially successful, but began to lose readers, and in 1930 was sold to Harold Hersey. Hersey was unable to reverse the magazine's decline, and *Ghost Stories* ceased publication at the start of 1932.

**Kothambu Manikal – ONV Kurup – കോതമ്പുമണികൾ - ഒ.എൻ.വി. കുറുപ്പ്**



തോട്ടയലത്തെത്തൊടിയിൽക്കയറിയോ-

രത്തിപ്പഴം നീയെടുത്തു തിന്നു.

ചൂരൽപ്പഴത്തിന്റെ കയ്പ്പുനീരും കണ്ണു-

നീരുമതിന്നെത്ര മോന്തീല?

പിന്നെ മനസ്സിൽ കൊതിയുണർന്നാലത്

പിഞ്ചിലേ നുള്ളിയെറിയുന്നു.

കൊയ്ത്തു കഴിഞ്ഞൊരു കോതമ്പു പാടത്ത്

കുറ്റികൾ കത്തിക്കരിയുമ്പോൾ ,

ഒറ്റയ്ക്കിരുന്നു നിൻ തുച്ഛമാം സ്വപ്നങ്ങൾ

ഒക്കെക്കരിഞ്ഞതും കാണുന്നു.

ഞെട്ടുന്നില്ലുള്ള് നടുങ്ങുന്നില്ല നീ

ഞെട്ടറപ്പുള്ളൊരു പൂവല്ലേ?

പേരറിയാത്തൊരു പെൺകിടാവേ നിന്റെ

നേരറിയുന്നു ഞാൻ പാടുന്നു.

ഞാറാണെങ്കിൽ പറിച്ചു നട്ടീടണം

ഞാറ്റുവേലക്കാലമെത്തുമ്പോൾ ;

പെറ്റുവളർത്തും കുടി വിട്ടു പെണ്ണിന്

മറ്റൊരിടത്ത് കുടിവയ്പ്പ്! (2)

വയലിനമപ്പുറത്തേതോ സ്വയംവര-

പ്പുകിലിനു മേലാളർ പോകുമ്പോൾ ,

വെറുതെയീ നിനവുകൾ വന്നു പോയി

വെയിലത്തൊരു മഴ ചാറ്റൽ പോലെ..

കുറുകുഴൽപ്പാട്ടുണ്ട്, താളമുണ്ട്,

കുതിരപ്പുറത്തു മണാളനുണ്ട്;

പൊന്നിൻതലപ്പാവ്, പാപ്പാസ് പയ്യന്

മിന്നുന്ന കുപ്പായം പത്രാസ്!

മുല്ലപ്പൂ കോർത്തോരിഴകളല്ലോ

മുഖമാകെ മൂടിക്കിടപ്പുണ്ട്!

കുറെയേറെയാളുകൾ കൂടെയുണ്ടെത്രയോ-

കുറിയിതേ കാഴ്ച നീ കണ്ടൂലോ..

കുതിരപ്പുരത്തിരുന്നാടിയാടി

പുതുമണവാളനാ പോക്ക് പോകെ

തിക്കിത്തിരക്കി വഴിയരികിൽ പണ്ട്

നിൽക്കുവാനുത്സാഹമായിരുന്നു.

കൺകളിലത്ഭുതമായിരുന്നു വിടർ –

ക്കണ്ണാലെ പിന്നാലെ പോയിരുന്നു.

ഇന്നാക്കുറുകുഴൽപ്പാട്ട് കേൾക്കേ,

ഇന്നാ നിറന്ന വരവ് കാൺകേ.

പാതവക്കത്തേക്ക് പായുന്നതില്ല നീ

പാടാൻ മറന്ന കിളിയല്ലേ!

പേരറിയാത്തൊരു പെൺകിടാവേ നിന്റെ

നേരറിയുന്നു ഞാൻ പാടുന്നു.

നിന്നെ വധുവായലങ്കരിക്കാനിങ്ങു

പൊന്നില്ല, പൂവില്ല, ഒന്നുമില്ല.

മയ്യെഴുതിച്ചു മൈലാഞ്ചി ചാർത്തി ചുറ്റും

കൈകൊട്ടി പാടാനുമാരുമില്ല.

വെള്ളക്കുതിരപ്പുറത്ത് വന്നെത്തുവാൻ

ഇല്ലോരാൾ , കൊട്ടും കുഴലുമില്ല.

കൊക്കിലോതുങ്ങാത്ത ഭാഗ്യങ്ങളൊന്നുമേ.

കൊത്തി വിഴുങ്ങാൻ കൊതിയുമില്ല!

തൻ പഴങ്കണ്ണുകൊണ്ടേറെക്കണ്ടോ-

രമ്മുമ്മ തൻ ചൊല്ലോർക്കുന്നു,

നമ്മള് നോക്കി വളർത്തുമീക്കോതമ്പും

നമ്മളും മക്കളെ ഒന്ന് പോലെ! (2)

ആറ്റുനോറ്റാരോ വളർത്തുന്നു,

കതിരാരോ കൊയ്തു മെതിക്കുന്നു

പൊന്നിൻ മണികളാക്കമ്പോളങ്ങളി-

ലെങ്ങോ പോയിത്തുലയുന്നു!

ഇന്നുമീ രാവിലുറങ്ങാതെയെന്തേ നിൻ

കൺകളിരുട്ടിൽ പരതുന്നു?

കാതോർത്ത് തന്നെയിരിക്കുന്നു, വെറും

കാറ്റിൻ മൊഴിയിലും ചൂളുന്നു?

അച്ഛന്റെയുച്ഛ്വാസ താളം മുറുകുമ്പോൾ

അമ്മയിടയ്ക്കു ഞരങ്ങുമ്പോൾ ,

കെട്ടിപ്പിടിച്ചു കിടക്കും കിടാങ്ങള-

വ്യക്തമുറക്കത്തിൽ പേശുമ്പോൾ ,

കൂരകൾ തോറും കയറിയിറങ്ങുന്ന

ക്രൂരനാം മൃത്യുവേയോർത്തിട്ടോ,

പത്തി വടർത്തുമാ മൃത്യുവിൻ ദൂതനാം

പട്ടിണി നീറ്റുന്നതോർത്തിട്ടോ,

കൂരതൻ വാതിലിൽ കാറ്റൊന്നു തട്ടിയാൽ-

ക്കൂടി മറ്റെന്തൊക്കെയോർത്തിട്ടോ

നീയിന്നു നിന്നിലൊളിക്കുന്നു,

നീയിന്നു നിന്നെ ഭയക്കുന്നു!

നീയിന്നു നിന്നിലൊളിക്കുന്നു,

നീയിന്നു നിന്നെ ഭയക്കുന്നു!

പേരറിയാത്തൊരു പെൺകിടാവേ നിന്റെ

നേരറിയുന്ന ഞാൻ പാടുന്നു!

പേടിച്ചരണ്ട നിൻ കണ്ണുകൾ രാപ്പകൽ
തേടുന്നതാരെയെന്നറിവൂ ഞാൻ.
മാരനെയല്ല, മണാളനെയല്ല, നിൻ-
മാനം കാക്കുമൊരാങ്ങളയെ!
കുതിരപ്പുറത്തു തന്നുടവാളുമായവൻ
കുതികുതിച്ചെത്തുന്നതെന്നാവോ..?
കുതികുതിച്ചെത്തുന്നതെന്നാവോ..?

**Thanks**